(ഡി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിപ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ 12,296 തൊഴിൽ ദിനങ്ങളും 2013-14 സാമ്പത്തിക വർഷത്തിൽ 3,68,550 തൊഴിൽ ദിനങ്ങളും 2014-15 സാമ്പത്തിക വർഷത്തിൽ 3,20,526 തൊഴിൽ ദിനങ്ങളും ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 56343 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

നഗരസഭകളിൽ പുതിയ തസ്തിക-സർക്കാർ ജീവനക്കാരായി അംഗീകരിക്കൽ

90 (2723) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭാ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ ; ഇതുസംബന്ധിച്ച് അധിക ബാദ്ധ്യതയുണ്ടാകുമോ ; എങ്കിൽ എത്രയെന്ന് അറിയിക്കാമോ ;

(ബി) പുതിയ നഗരസഭകൾ രൂപീകരിക്കുന്നതിന് അനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എത്ര തസ്തികകൾ സൃഷ്ടിക്കേണ്ടിവരുമെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇതു സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. ഇത് നടപ്പിലാക്കുമ്പോൾ സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത പ്രതിവർഷം ശമ്പളയിനത്തിൽ 160 കോടി രൂപയും പെൻഷൻ ഇനത്തിൽ 60 കോടി രൂപയും വരുമെന്ന് കണക്കാക്കുന്നു.

(ബി) ഇല്ല. കണക്കാക്കിയിട്ടില്ല.

പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കിയാലുള്ള ഗുണങ്ങൾ

91 (2724) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾക്കുലഭിക്കാത്ത എന്തെല്ലാം പ്രത്യേക ഗുണങ്ങളാണ് മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) മുനിസിപ്പാലിറ്റികൾക്ക് കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കുന്നതിൽ അവയുടെ വിസ്തീർണ്ണവും ജനസംഖ്യയും പരിഗണിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വിസ്തീർണ്ണവും ജനസംഖ്യയും മാനദണ്ഡമാക്കി ലഭ്യമാക്കുന്ന ഫണ്ടുകളുടെ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) നഗരപ്രദേശങ്ങളിൽ മാത്രമായി നടപ്പിലാക്കുന്ന കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സൗകര്യം മുനിസിപ്പാലിറ്റികൾക്ക് ലഭിക്കുന്നു. എ.ഡി.ബി. ധനസഹായത്തോടെയുള്ള KSUDP പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ JNNURM, ഐ.എച്ച്.എസ്. ഡി.പി., യു.ഐ.ഡി. എസ്.എസ്. എം.റ്റി, രാജീവ് ആവാസ് യോജന, സ്മാർട്ട് സിറ്റി മിഷൻ പദ്ധതികൾ, അടൽ മിഷൻ ഫോർ റിജുവനേഷൻ ആന്റ് ട്രാൻസ്ഫോർമേഷൻ (AMRUT), ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ സ്കീം, പി.എം.എ.വൈ., എൽ.യു.എൻ.എം. എന്നിവയും സംസ്ഥാന വികസന പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയും നഗരസഭാ പ്രദേശങ്ങളിൽ മാത്രമാണ് നടപ്പിലാക്കുന്നത്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പലതിലും ജനസംഖ്യ മാനദണ്ഡം പരിഗണിക്കുന്നുണ്ട്.

(സി) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ (JNNURM), രാജീവ് ആവാസ് യോജന (RAY), ഇന്റഗ്രേറ്റഡ് ലോ കോസ്റ്റ് സാനിറ്റേഷൻ (ILCS), സ്മാർട്ട് സിറ്റി മിഷൻ, അമൃത് എന്നിവ ജനസംഖ്യ അടിസ്ഥാനമാക്കി നടപ്പിലാക്കുന്നവയാണ്.

മലിനജല സംസ്കരണ പ്ലാന്റുകൾ

92 (2725) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നഗരങ്ങളിൽ മലിനജല സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതുപദ്ധതിയുടെ ഭാഗമായാണ് ആയത് നിർമ്മിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly